മെക്കാനിക്കൽ വിഭാഗം	-	5897
സെക്യൂരിറ്റി ആന്റ് സാനിട്ടറി	-	474
മിനിസ്റ്റീരിയൽ വിഭാഗം	-	2914
ആകെ	-	23300

(എഫ്)ഉണ്ട്.

(ജി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്. പി. എസ്.സി.യിൽ നിന്നും അഡ്വൈസ് ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നട ത്തുന്നതാണ്.

68 (1800) മോട്ടോർ വാഹന വകുപ്പിലെ പരിഷ്കാരങ്ങൾ

ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിൽ സമീപകാലത്ത് വരുത്തിയ പരിഷ്കാരങ്ങളുടെ ഫലമായി വെഹിക്കിൾസ് ടാക്സ് അട യ്ക്കുന്ന സംവിധാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത്;

(ബി) 1990-91, 1995-96, 1996-97, 1997-98, 1998-99, 1999 ഏപ്രിൽ മേയ് മാസങ്ങൾ എന്നീ കാലയളവിൽ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിൽ നിന്നും വിവിധ ടാക്സ് ഇനത്തിൽ എത്ര രൂപ ഗവൺമെന്റിനു ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നികുതി പരിവിന് ചുമതലപ്പെട്ട ജീവനക്കാരിൽ ആരുടെയെങ്കിലും പേരിൽ എന്തെ ങ്കിലും നടപടികൾ കൈക്കൊള്ളേണ്ടിവന്നിട്ടുണ്ടോ; എങ്കിൽ കാരണം വിശദ മാക്കുമോ?

ഉത്തരം

(എ) ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ടാക്സ് രാവിലെ 10 മണി മുതൽ 1 മണി വരെയും തുടർന്ന് 2 മണി മുതൽ 3 മണി വരെയും അടയ്ക്കു വാനുള്ള സംവിധാനം ഏർപ്പെടുത്തി. ടാക്സ് അടയ്ക്കുവാനുള്ള സൗജന്യ കാലയളവിൽ കൂടുതൽ കൗണ്ടറുകൾ തുടങ്ങുവാൻ ചുമതലപ്പെടുത്തി. ട്രാൻസ്പോർട്ടിതര വാഹനങ്ങൾക്ക് എല്ലാ ദിവസവും രാവിലെ 10 മണി മുതൽ ഒന്നര മണി വരെ ടാക്സ് അടയ്ക്കുവാനുള്ള സൗകര്യം എല്ലാ റീജിയ ണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും സബ് ആർ.ടി. ഓഫീസുകളിലും നട പ്പാക്കി. സൗജന്യ കാലയളവിൽ കൂടുതൽ കൗണ്ടറുകൾ തുടങ്ങാനും, സൗജന്യ കാലയളവിന്റെ അവസാന മൂന്നു ദിവസങ്ങളിൽ സാധാരണ ദിവസ ങ്ങളിൽനിന്നും അധികമായി ഉച്ചയ്ക്ക്ശേഷം 2 മണി മുതൽ 3 മണി വരെ ടാക്സ് കൗണ്ടറുകൾ പ്രവർത്തിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ടാക്സ് രസീതിൽ ഒപ്പിടാനുള്ള അധികാരം ടാക്സ് എടുക്കുന്ന ഉദ്യോഗ സ്ഥനു തന്നെ നൽകുകയും അതുവഴി ടാക്സ് അടച്ചുകിട്ടുന്നതിനുള്ള കാല താമസത്തിൽ കുറവുണ്ടാവുകയും ചെയ്തു.

(ബി)	കാലയളവ്	ലഭിച്ച തുക
	1990-91	62.16 കോടി
	1995-96	196.68 കോടി

LIBRARY ARCHIVES Kerala Legislative Assembly

1996-97	222.59 കോടി
1997-98	270.52 കോടി
1998-99	288.86 കോടി
1999 ഏപ്രിൽ	35.67 കോടി
1999 മേയ്	26.46 കോടി

(സി) ഉണ്ട്. നികുതി പിരിവു സംബന്ധിച്ച ക്രമക്കേടിന് 3 ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ രണ്ടുപേർ മുൻകാലങ്ങളിലെ നികുതി പിരിക്കാതെ നടപ്പു ത്രൈമാസ നികുതി പിരിക്കുക വഴി സർക്കാരിന് ഭീമമായ സാമ്പത്തിക നഷ്ടം ഉണ്ടാക്കിയതിനും മറ്റേയാൾ വ്യാജരീതിയിൽ ടാക്സ് സ്വീകരിക്കുന്നതിനുമാണ് നടപടിയ്ക്ക് വിധേയരായത്. ഇവർ 3 പേരും ഇപ്പോൾ അന്വേഷണ വിധേയമായി സസ്പെൻഷനിലാണ്.

69 (1801) മോട്ടോർ വാഹന വകുപ്പിലെ അഴിമതി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മോട്ടോർ വാഹന വകുപ്പിൽ അഴിമതി, കൈക്കൂലി, അവിഹിതമായി സ്വത്ത് സമ്പാദിക്കുക എന്നീ കുറ്റങ്ങൾക്ക് എത്ര ജീവനക്കാരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതിൽ ഏതെല്ലാം ജീവനക്കാരുടെ പേരിൽ വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) വിജിലൻസ് കേസ്സിൽ ശിക്ഷിക്കപ്പെട്ട ഏതെല്ലാം ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട്;

(ഡി) ശിക്ഷണ നടപടിയുടെ ഭാഗമായി ഏതെല്ലാം ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്;

(ഇ) അഴിമതി നടത്തുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കുമോ;

(എഫ്) മോട്ടോർ വാഹന വകുപ്പ് അഴിമതി വിമുക്തമാക്കാൻ മുൻ ട്രാൻസ്പോർട്ട് കമ്മിഷണർ ശ്രീ. കെ.ജെ. ജോസഫിന്റെ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കുമോ?

ഉത്തരം

(എ) ഒൻപത് ജീവനക്കാരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി)

ശ്രീ. കെ.എം. പുരുഷോത്തമൻ	-	എം.വി.ഐ.
ശ്രീ. കെ.എ. മുഹമ്മദ് ബാവ	-	ജോയിന്റ് ആർ.ടി.ഒ.
ശ്രീ. ഇ. മുഹമ്മദ്	-	എൽ.ഡി. ക്ലാർക്ക്
ശ്രീ. എം. മനോഹരൻ	-	എ.എം.വി.ഐ.
ശ്രീ. യൂസഫ് സിദ്ദിക്ക്	-	എ.എം.വി.ഐ.
ശ്രീ. ജി. ശശിധരൻ	-	എൽ.ഡി. ക്ലാർക്ക്
ശ്രീ. കെ.എസ്. മുഹമ്മദ്	-	പ്യൂൺ

LIBRARY ARCHIVES Kerala Legislative Assembly